RCS/4488/2020-CB(5)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ
ജംഗ്ഷൻ, തിരുവനന്തപുരം 695014
Website:cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330726, 2331891

തീയതി: 23-07-2022

## സർക്കുലർ നമ്പർ 34/2022

വിഷയം:- സഹകരണ വകുപ്പ്- അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ(PACS) മുഖേന പദ്ധതി നടപ്പിലാക്കുന്നത് -മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 21.07.2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗതീരുമാനം.

*********

'കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (AIF)' സംസ്ഥാനത്തെ കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് വിനിയോഗിക്കുന്നതിനായി ഒരു കർമ്മ പദ്ധതിയ്ക്ക് രൂപം നൽകുവാൻ 21-07-2022-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരിക്കുന്നു. കർഷകരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നത് കാർഷിക മേഖലയിൽ ഗുണപരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും എന്ന് വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രകാരം വായ്പ സ്വീകരിച്ച്, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്

പ്രേരണയും പിന്തുണയും നൽകുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പൂർണ്ണമായും പ്രയോജനപ്പെടുത്തി പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങൾ, പ്രൊജക്ടുകൾ തയ്യാറാക്കി അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. നബാർഡിന്റെ സഹായത്തോടെ 4 % പലിശ നിരക്കിൽ നടപ്പിലാക്കി വരുന്ന PACS as MSC എന്ന പദ്ധതിയെ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതിയിൽ ലിങ്ക് ചെയ്ത് 3% പലിശ സബ്സിഡിയോട് കൂടി ലഭ്യമാക്കി 1% പലിശ നിരക്കിൽ 2 കോടി രൂപ വരെ PACS കൾക്ക് സഹകരണ മേഖലയിലൂടെ വായ്പ ലഭ്യമാകുകയും ചെയ്യുന്നു എന്നതിനാൽ പ്രാദേശികമായി വിജയകരമായി നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ കണ്ടെത്തി ഓരോ പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങളും ഏറ്റെടുക്കേണ്ടതാണ്.

2. നബാർഡിന്റെ "PACS as MSC"എന്ന വായ്പ്പാപദ്ധതി നിലവിൽ 2022-23 വരെയാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ എല്ലാ സംഘങ്ങളും ഈ പദ്ധതി പ്രയോജനപ്പെടുത്തി ഭക്ഷ്യസുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

3. പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങൾ വിജയകരമായി നടപ്പിലാക്കാവുന്ന പദ്ധതികൾ തയ്യാറാക്കി www.http://agriinfra.dac.gov.in എന്ന ഓൺലൈൻ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതോടൊപ്പം വായ്പ്പാ അപേക്ഷയും, ബന്ധപ്പെട്ട രേഖകളും കേരള ബാങ്കിൽ സമർപ്പിക്കേണ്ടതാണ്. പ്രോജക്റ്റ് തയ്യാറാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന State PMU -ൽ നിന്നും സഹായം ലഭ്യമാണ്.

4. പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമെങ്കിൽ വിദഗ്ധരുടെ സേവനവും PACS-കൾക്ക് വിനിയോഗിക്കാവുന്നതാണ്.

5. ജില്ലകളിൽ ടി പദ്ധതിയുടെ നോഡൽ ആഫീസർമാരായി സഹകരണ വകുപ്പിലെ ജില്ലാ ജോയിന്റ് രജിസ്ട്രാർ ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)മാരെ നിയോഗിച്ചിട്ടുണ്ട്.

6. AIF ഉപയോഗിച്ചുള്ള പദ്ധതിയുടെ ഭാഗമായി വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭൂമിയുടെ അപര്യാപ്തത നേരിടുന്ന PACS -കൾക്ക് ഭൂമി വാങ്ങുന്നതിന്/പാട്ടത്തിന് ഏറ്റെടുക്കുന്നതിന് ക്രമപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

7. പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ ബൈലായിൽ വ്യവസ്ഥയില്ലാത്ത സംഘങ്ങൾ ജോയിന്റ് രജിസ്ട്രാറിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങി അപേക്ഷ സമർപ്പിക്കേണ്ടതും അടുത്ത പൊതുയോഗത്തിൽ അവതരിപ്പിച്ച് ബൈലോയിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുമാണ്.

8. AIF ഉപയോഗിച്ചുള്ള പദ്ധതിയിൽ നിക്ഷേപിക്കുന്നതിനായി ഭരണസമിതിയുടെ തീരുമാനപ്രകാരം സ്വന്തം ഫണ്ട് ചെലവഴിക്കേണ്ടതിനുള്ള അപേക്ഷയിൽ ജോയിന്റ് രജിസ്ട്രാർ തലത്തിൽ സമയബന്ധിതമായി തത്വത്തിൽ അംഗീകാരം നൽകേണ്ടതും, പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറക്ക് സംഘം ഫണ്ട് ചെലവഴിക്കുന്നതിനുള്ള അപേക്ഷ പരിശോധിച്ച് നിയമപരമാണെങ്കിൽ അന്തിമ അംഗീകാരം നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
**അലക്സ് വർഗീസ് ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്

1. ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം.
2. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്.
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്).
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്).
   (ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
5. എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന).
6. എഡിറ്റർ സഹകരണ വീഥി.
7. വെബ് സൈറ്റ്.
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)